പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1266** **15-10-2026-ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വെ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നിലവിൽ എത്ര റവന്യൂ വില്ലേജുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് ആകെ 1,666 റവന്യൂ വില്ലേജുകളാണുള്ളത്.

**(ബി)** ഇതിൽ എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുണ്ടെന്നും എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവ്വെ നടന്നു കൊണ്ടിരിക്കുകയാണെന്നും വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് 266 വില്ലേജുകളിൽ ഫീൽഡ് സർവെ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 120 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 214 വില്ലേജുകളിൽ വിവിധ ഘട്ടങ്ങളിലായി ഫീൽഡ് സർവെ നടപടികൾ പുരോഗമിച്ചുവരുന്നു. 239 വില്ലേജുകളിൽ ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**(സി)** സർവ്വേ നടപടികൾ പൂർത്തീകരിച്ച വില്ലേജുകളിലെ ഭൂവുടമകൾ ചൂണ്ടിക്കാണിക്കുന്ന പ്രശ്നങ്ങൾക്ക് എന്തെങ്കിലും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**മറുപടി:** ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ ഭൂവുടമകൾ ഉന്നയിക്കുന്ന അതിർത്തി സംബന്ധമായ തർക്കങ്ങൾ, വിസ്തൃതിയിലെ വ്യത്യാസങ്ങൾ, പേര്, തണ്ടപ്പേര് തുടങ്ങിയ ഭൂവിവരങ്ങളിലെ അപാകതകൾ എന്നിവ പരിഹരിക്കുന്നതിനായി 'എന്റെ ഭൂമി' (ILIMS) പോർട്ടൽ മുഖേന ഓൺലൈൻ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത സംവിധാനത്തിലൂടെ ഭൂവുടമകൾക്ക് തങ്ങളുടെ ഭൂമിയുടെ സർവെ വിവരങ്ങളും അനുബന്ധ സ്കെച്ചുകളും പരിശോധിക്കാനും, അപാകതകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ഓൺലൈനായി പരാതി സമർപ്പിക്കാനും സാധിക്കും. ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച്, ആവശ്യമുള്ള സാഹചര്യങ്ങളിൽ സ്ഥലപരിശോധന

ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച്, ചട്ടങ്ങൾക്കും നിലവിലുള്ള നടപടിക്രമങ്ങൾക്കും അനുസൃതമായി ആവശ്യമായ തിരുത്തലുകൾ വരുത്തി പരാതികൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡിജിറ്റൽ സർവ്വേ പൂർത്തിയായ ഭൂവുടമകൾ ചൂണ്ടികാണിക്കുന്ന പ്രശ്നങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പേരിലും മേൽ വിലാസത്തിലും വന്നിട്ടുള്ള തെറ്റുകൾ വില്ലേജ് ഓഫീസിൽ നിന്നും തിരുത്തൽ വരുത്തി നൽകി വരുന്നു. ഇത്തരത്തിൽ ഓൺലൈനായി ലഭിക്കുന്ന പരാതികളിൽ വില്ലേജ് ഓഫീസർക്ക് നടപടി സ്വീകരിക്കുന്നതിനായി പോർട്ടലിൽ സംവിധാനം ഒരുക്കിയിട്ടുള്ളതും ചെറിയ അക്ഷര തെറ്റുകൾക്ക് അപേക്ഷയില്ലാതെ തന്നെ ഭൂവുടമയുടെ ഒ ടി പി നൽകി വില്ലേജ് ഓഫീസിൽ നിന്നും ഉടൻ തന്നെ തിരുത്തി നൽകി വരുന്നു. കോറിലേഷനിൽ വന്നിട്ടുള്ള തിരുത്തുകൾക്ക് മാത്രമാണ് നിലവിൽ കാലതാമസം നേരിടുന്നത്.

**സെക്ഷൻ ഓഫീസർ**